പതിമൂന്നാം കേരള നിയമസഭ

ഒൻപതാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 560 — 05.07.2013ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്:<br>ശ്രീ.എം.എ.ബേബി:<br>ശ്രീ.കെ.സുരേഷ് കുറുപ്പ്:<br>ശ്രീ.ജി.സുധാകരൻ: | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി ) |
| എ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക പഠനം നടത്തിയിട്ടില്ല.ഉന്നത വിദ്യാഭ്യാസ രംഗത്ത് സർവ്വകലാശാലകൾ ഉൾപ്പെടെ കൂടുതൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്. ഉന്നത വിദ്യാഭ്യാസ നയ രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫ.ജെ.എ.കെ.തരീൻ അദ്ധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു.<br>സർവ്വകലാശാലകളുടെ ഉത്കൃഷ്ടത അംഗീകരിക്കുന്നതിനായുള്ള യു.ജി.സി പദ്ധതിയാണ് The Universities with Potential for Excellence Award(UPE Award) . സംസ്ഥാനത്തെ ഒരു സർവ്വകലാശാലയും ഈ അംഗീകാരത്തിന് അർഹരായിട്ടില്ല. സർവ്വകലാശാലകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനസർക്കാർ |

| | | | |
|---|---|---|---|
| | | | ഈ - ഗവേർണൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല , മഹാത്മാഗാന്ധി സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എന്നിവയ്ക്ക് 5 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.<br>ട്ടുണ്ട്. |
| ബി | നിലവിൽ ഏതെല്ലാം സർവ്വകലാശാലകളിലാണ് വൈസ് ചാൻസലർ ഉൾപ്പെടെയുള്ള ഉന്നത പദവികൾ ഒഴിഞ്ഞ് കിടക്കുന്നത്; എത്ര കാലമായി ഒഴിവ് വന്നിട്ടെന്ന് വ്യക്തമാക്കുമോ; | ബി | നിലവിൽ കേരള സർവ്വകലാശാലയിൽ വൈസ് ചാൻസലർ തസ്തിക ഒഴിഞ്ഞ് കിടക്കുന്നു. കേരള സർവ്വകലാശാല വൈസ് ചാൻസലർ ഡോ.എ.ജയകൃഷ്ണൻ 14.12.2012 നാണ് പ്രസ്തുത പദവിയിൽ നിന്നും വിരമിച്ചത്. |
| സി | ഇത്തരം പദവികളിൽ നിയമനം നടത്തുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ; | സി | സർവ്വകലാശാലയുടെ ആക്ടിന്റെ അടിസ്ഥാനത്തിൽ ഒരു സെർച്ച് കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത സെർച്ച് കമ്മിറ്റി നിർദ്ദേശിക്കുന്ന ആളിനെയാണ് ബഹു.ചാൻസലർ വൈസ് ചാൻസലറായി നിയമിക്കുന്നത്. ഈ പ്രക്രിയയിലൂടെയാണ് ഇത്തരം പദവികളിൽ നിയമനം നടത്തുന്നത്. സെർച്ച് കമ്മിറ്റിയുടെ രൂപീകരണവും ചർച്ചകളും കാലതാമസം നേരിടുന്ന പ്രക്രിയകളാണ്. |
| ഡി | മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വൈസ് ചാൻസലറുടെ നിയമനവുമായി ബന്ധപ്പെട്ട് പരാതികൾ ഉയർന്നിട്ടുണ്ടോ; നിയമനം സംബന്ധിച്ച് യു.ജി.സി നിർദ്ദേശം എന്തായിരുന്നു; അത് | ഡി | ഉണ്ട്. 7.30 UGC Regulation on Minimum Qualifications for appointment of Teachers and other Academic Staff in the Universities and Colleges and measures for the maintenance of standards in Higher E d u c a t i o n ആണ് |

| | | | |
|---|---|---|---|
| | | | വൈസ് ചാൻസലറുടെ നിയമനം സംബന്ധിച്ച് യു.ജി.സി യുടെ നിർദ്ദേശം. യു.ജി.സി നിർദ്ദേശം റെക്കമെന്ററി സ്വഭാവമുള്ളതാണ്. കേരളത്തിലെ സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനം അതാത് സർവ്വകലാശാലകളിലെ ആക്ടുകൾക്ക് വിധേയമായാണ് നടത്തുന്നത്. |
| ഇ | ഇല്ലെങ്കിൽ ഇത്തരം നടപടികൾ സർവ്വകലാശാലയുടെ നടത്തിപ്പിനേയും വിദ്യാർത്ഥികളുടെ ഭാവിയേയും ദോഷകരമായി ബാധിക്കുന്നതാണെന്ന കാര്യം അറിവുള്ളതാണോ; | ഇ | സർവ്വകലാശാലയുടെ നടത്തിപ്പിനെയും വിദ്യാർത്ഥികളുടെ ഭാവിയേയും ദോഷകരമായി ബാധിക്കുന്ന ഒന്നും തന്നെ സർവ്വകലാശാലകളുടെ ആക്ടുകളിൽ ഇല്ല. അതുകൊണ്ടുതന്നെ ആക്ടുകളെ അടിസ്ഥാനമാക്കിയുള്ള നടപടികൾ ദോഷകരമായി ബാധിക്കില്ല. |
| എഫ് | ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | എഫ് | സർവ്വകലാശാലകളുടെ ആക്ടുകളിൽ ഇതു സംബന്ധിച്ച ഭേദഗതികളൊന്നും തന്നെ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ